Draft #9 of File 189570/AD B 3-3/2022/AD B 3 Approved by ESTATE OFFICER ADMINISTRATION on 01-Nov-2023 01:20 PM - Page 1

## മഹാത്മാ ഗാന്ധി സർവ്വകലാശാല
## ക്വട്ടേഷൻ നോട്ടീസ്

എ.ഡി.ബി3/3/വേസ്റ്റ്-പേപ്പർ/നവംബർ 2023-24/ഭരണം 01.11.2023

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ലഭ്യമാകുന്ന **പഴയ ക്വസ്റ്റ്യൻ പേപ്പർ, സ്വീപ്പിങ് വേസ്റ്റ് , പഴയ പത്രക്കടലാസ്,** എന്നിവ അടുത്ത രണ്ട് വർഷത്തേക്ക് തൂക്കി വാങ്ങുവാൻ താൽപര്യമുള്ളവരിൽ നിന്നും മുദ്രവച്ച കവറിൽ മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ നോട്ടീസും, ക്വട്ടേഷൻ ഫോം, ക്വട്ടേഷൻ നിബന്ധനകളും **www.mgu.ac.in** വെബ്സൈറ്റിൽ ലഭ്യമാണ്. **ക്വട്ടേഷൻ ഫോമിന്റെ വിലയായി 315/- (including 5% GST) (മുന്നൂറ്റി പതിനഞ്ച് രൂപ മാത്രം) ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.** പൂരിപ്പിച്ച ക്വട്ടേഷനുകൾ മുദ്ര വച്ച കവറിൽ **ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം) , എം.ജി സർവ്വകലാശാല , കോട്ടയം, 686560** എന്ന വിലാസത്തിൽ ലഭിക്കേണ്ട **അവസാന തീയതി 08.11.2023, 1.30 PM.** ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "**ക്വട്ടേഷൻ -വേസ്റ്റ് പേപ്പർ-2023-നവമ്പർ**" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

**ക്വട്ടേഷനുകൾ തുറക്കുന്ന തീയതിയും സമയവും** 08.11.2023, 2.15 PM

ജിംസൺ ജോൺ
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
(രജിസ്ട്രാർ ക്ക് വേണ്ടി)

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

# **കട്ടേഷൻ ഫോം**

കട്ടേഷൻ നോട്ടീസ് നം എ.ഡി.ബി3/3/വേസ്റ്റ്-പേപ്പർ/നവംബർ 2023-24/ഭരണം , തീയതി 01.11.2023 പ്രകാരം

**മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ ലഭ്യമാകുന്ന പഴയ കട്സ്റ്റൻ പേപ്പർ, സ്വീപ്പിങ് വേസ്റ്റ് , പഴയ പത്രക്കടലാസ്, എന്നിവ താഴെ പറയുന്ന നിരക്കിൽ (നികുതി ഉൾപ്പെടെ) 2 വർഷത്തേക്ക്** തൂക്കി വാങ്ങുന്നതിനുള്ള സന്നദ്ധത അറിയിക്കുന്നു.

| Sl no | Item(ഐറ്റം) | Rate/Kilogram (റേറ്റ്/ ഒരു കിലോയ്ക്ക്) |
|---|---|---|
| 1 | **പഴയ കട്സ്റ്റൻ പേപ്പർ** | |
| 2 | **സ്വീപ്പിങ് വേസ്റ്റ്** | |
| 3 | **പഴയ പത്രക്കടലാസ്** | |

01.11.2023

പേര്
മേൽവിലാസം

ഫോൺ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 189570/AD B 3-3/2022/AD B 3 Approved by ESTATE OFFICER ADMINISTRATION on 01-Nov-2023 01:24 PM - Page 1

Draft #6 of File 189570/AD B 3-3/2022/AD B 3 Approved by ESTATE OFFICER ADMINISTRATION on 01-Nov-2023 01:26 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല**

**ക്വട്ടേഷൻ നിബന്ധനകൾ**

എ.ഡി.ബി3/3/വേസ്റ്റ്-പേപ്പർ/ നവംബർ 2023-24/ഭരണം 01.11.2023

1 . ക്വട്ടേഷൻ നോട്ടീസ്, നിബന്ധനകളും www.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ, എ.ഡി.ബി.3 സെക്ഷനിൽ നിന്നും 08.11.2023 1.00 p.m വരെ കൈപ്പറ്റാവുന്നതാണ്. രജിസ്ട്രേഡ് തപാൽ മാർഗ്ഗമോ,നേരിട്ടോ,**ഡെപ്യൂട്ടി രജിസ്ട്രാർ II (ഭരണം ), മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി,കോട്ടയം -686560** എന്ന വിലാസത്തിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയതി 08.11 .2023 1.30 p.m. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ **നിരതദ്രവ്യ തുകയായി 10,000/- രൂപ (പതിനായിരം രൂപ മാത്രം )** ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. **ക്വട്ടേഷൻ ഫോമിന്റെ വിലയായി 315/- രൂപ (300/- + 5% GST)** സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതോടൊപ്പം ID Proof , GST രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ് .

2. ക്വട്ടേഷൻ അടക്കം ചെയ്ത കവറിൽ "**ക്വട്ടേഷൻ-വേസ്റ്റ് പേപ്പർ-2023-നവംബർ 2023** " എന്ന് രേഖപ്പെടുത്തണം.

3.ക്വട്ടേഷനുകൾ തുറക്കുന്ന തിയതി 08 .11 .2023 2.15 p.m.

4.ക്വട്ടേഷനുകൾ തുറക്കുന്ന തിയതി മാറ്റുന്നതിനോ ലഭിച്ച ക്വട്ടേഷനുകൾ കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ ഉള്ള അധികാരം നിർവഹണ ഉദ്യോഗസ്ഥന് ഉണ്ടായിരിക്കും.

5. ഓരോ ഇനങ്ങൾക്കും പ്രത്യേകം പ്രത്യേകമായി വില പരിഗണിക്കുന്നതിനും അതാത് വിഭാഗത്തിൽ ഏറ്റവും ഉയർന്ന വില വാഗ്ദാനം ചെയ്ത ചെയ്തിരിക്കുന്നവർക്ക് അതത് ഇനങ്ങൾ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി നൽകുന്നതുമാണ് .നികുതി ഉൾപ്പെടെയുള്ള വിലകളാണ് രേഖപ്പെടുത്തേണ്ടത് .

6.രേഖപ്പെടുത്തുന്ന നിരക്കുകൾ യൂണിവേഴ്സിറ്റിയ്ക്ക് ലാഭകരമായി ബോധ്യപ്പെടാത്ത പക്ഷം ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യത്തിലും സർവകലാശാലയുടെ തീരുമാനം അന്തിമമായിരിക്കും

7. ലോഡിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം , ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്നയാളുടെ ഉത്തരവാദിത്വം ആയിരിക്കും

8. ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി / വ്യക്തികൾ നിശ്ചിത ദിവസത്തിനകം സാധനം എടുക്കാതെ പിന്മാറുന്ന പക്ഷം പുനർ വിൽപനയിൽ ഉണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ബന്ധപ്പെട്ട പാർട്ടി ഉത്തരവാദിയായിരിക്കുന്നതാണ്

8. ക്വട്ടേഷൻ നിബന്ധനകൾ പൂർണമായും പാലിക്കേണ്ടതാണ്.

9. ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ എ.ഡി.ബി.3 സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്.
ഫോൺ: 0481-2733236

ജിംസൺ ജോൺ
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)
( രജിസ്ട്രാർക്ക് വേണ്ടി )

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #6 of File 189570/AD B 3-3/2022/AD B 3 Approved by ESTATE OFFICER ADMINISTRATION on 01-Nov-2023 01:26 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം